G2- 627/2022

റീജിയണൽ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
വിനോദ സഞ്ചാര വകുപ്പ്
എറണാകുളം
തീയതി: 08/06/2023

**താൽക്കാലികാടിസ്ഥാനത്തിൽ കരാർ നിയമനം**

ടൂറിസം വകുപ്പിന്റെ കീഴിലുള്ള എക്കോ ലോഡ്ജ് ഇടുക്കി/ പീരുമേട് എന്നിവടങ്ങളിലേക്ക് താഴെ കൊടുത്തിരിക്കുന്ന തസ്തികളിലേക്ക് കരാർ അടിസ്ഥാനത്തിൽ പരമാവധി ഒരു വർഷം കാലയളവിലേക്ക് താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനു യോഗ്യരായ അപേക്ഷകാരിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. നിലവിൽ ഒഴിവുള്ള സ്ഥാപനം, തസ്തിക, ഒഴിവുകളുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു.

| നം | തസ്തിക | നിലവിലെ ഒഴിവുള്ള സ്ഥാപനം, ഒഴിവുകളുടെ എണ്ണം | |
|---|---|---|---|
| | | എക്കോ ലോഡ്ജ് ഇടുക്കി | എക്കോ ലോഡ്ജ് പീരുമേട് |
| 1 | ഹൗസ് കീപ്പിങ് സ്റ്റാഫ് | 1 | 1 |
| 2 | കിച്ചൻമേട്ടി | - | 1 |
| | ആകെ | 1 | 2 |

മേൽ തസ്തികകളിലേക്കുള്ള ഉദ്യോഗാർഥികൾക്ക് ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവും ചുവടെ പറയുന്ന പ്രകാരമായിരിക്കും.

**എ) ഹൗസ് കീപ്പിങ് സ്റ്റാഫ്**

I) SSLC അല്ലെങ്കിൽ തത്തുല്യ യോഗ്യത
||).കേരള സർക്കാരിന്റെ ഫുഡ് ക്രാഫ്റ്റ് ഇന്സ്റ്റിറ്റ്യൂട്ടിൽ നിന്നും ഹോട്ടൽ അക്കൊമൊഡേഷൻ ഓപ്പറേഷനിൽ ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് കോഴ്സ് പാസായിരിക്കണം
അല്ലെങ്കിൽ
കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയിൽ നിന്നും ഹോട്ടൽ അക്കൊമൊഡേഷൻ ഓപ്പറേഷനിൽ ഡിപ്ലോമയോ പി.ജി ഡിപ്ലോമയോ വിജയിച്ചിരിക്കണം.
III) 2 സ്റ്റാർ ക്ലാസിഫിക്കേഷനോ അതിനു മുകളിലുള്ളതോ ആയ ഹോട്ടലുകളിൽ ഹൗസ് കീപ്പിങ്ങിൽ 6 മാസത്തെ പ്രവൃത്തി പരിചയം

**ബി) കിച്ചൻമേട്ടി**

I) SSLC അല്ലെങ്കിൽ തത്തുല്യ യോഗ്യത
||). കേരള സർക്കാരിന്റെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഒരു വർഷത്തെ ഫുഡ് പ്രൊഡക്ഷൻ ക്രാഫ്റ്റ് സർട്ടിഫിക്കറ്റ്
III). 2 സ്റ്റാർ ക്ലാസിഫിക്കേഷനോ അതിനു മുകളിലുള്ളതോ ആയ ഹോട്ടലുകളിൽ കുക്ക്/ അസിസ്റ്റന്റ് കുക്ക് ആയി കുറഞ്ഞത് 1 വർഷത്തെ പ്രവൃത്തി പരിചയം.

**വയസ്സ്** : മേൽ പറഞ്ഞ തസ്തികയിലേക്ക് 18 - 35 വയസിനും ഇടയിലുള്ള ഉദ്യോഗർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാം. സംവരണ വിഭാഗങ്ങൾക്ക് ചട്ടപ്രകാരമുള്ള വയസിളവ് അനുവദനീയമാണ്

**നിബന്ധനകൾ**

1) മേൽ പറഞ്ഞ തസ്തികകളിലേക്കുള്ള നിയമനം പരമാവധി ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ താൽകാലിക നിയമനമായിരിക്കും.

2) ഉദ്യോഗർത്ഥികളെ തിരഞ്ഞെടുക്കുന്നത് യോഗ്യതയുടെ അടിസ്ഥാനത്തിൽ എഴുത്ത് പരീക്ഷ/ സ്കിൽ ടെസ്റ്റ് / ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും .

3) തിരഞ്ഞെടുക്കുന്ന ജീവനക്കാർക്ക് ദിവസവേതനാടിസ്ഥാനത്തിൽ അതാത് സമയത്തെ സർക്കാർ ഉത്തരവിൻ പ്രകാരം ക്ലാസ് IV ജീവനക്കാർക്ക് നൽകുന്ന തുക വേതനമായി ലഭിക്കും. നിലവിൽ പ്രതിദിന വേതനം - **660** /-

4) അപേക്ഷകർ അതാത് തസ്തികയിലേക്ക് യോഗ്യതയുണ്ടെന്ന് സ്വയം ഉറപ്പുവരുത്തേണ്ടതാണ്.

5) അപേക്ഷകൾ **https://www.keralatourism.org/recruitments** എന്ന വെബ്സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്ത് **'The Regional Joint Director, Office of the Regional Joint Director, First Floor, Boat Jetty Complex, Ernakulam - 682011'** എന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്
*വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവും തെളിയിക്കുന്ന രേഖകളുടെ കോപ്പികൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

6) എഴുത്ത് പരീക്ഷ / സ്കിൽ ടെസ്റ്റ് / ഇന്റർവ്യൂ എന്നിവയ്ക്ക് സ്വന്തം ചിലവിൽ ഹാജരാക്കേണ്ടതാണ് .

7) നിയമനം സംബന്ധിച്ച് ടൂറിസം വകുപ്പ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും.

8) അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **23.06.2023** വൈകുന്നേരം **4** മണി ആയിരിക്കും

**റീജിയണൽ ജോയിന്റ് ഡയറക്ടർ**

**എറണാകുളം**

പകർപ്പ്: web site: www.keralatourism.org/ www.keralatourism.gov.in.
പ്രമുഖ പത്രങ്ങൾ/ നോട്ടീസ് ബോർഡ്
ടൂറിസം ഡയറക്ടറേറ്റ്
ഡെപ്യൂട്ടി ഡയറക്ടർ ഇടുക്കി

* This is a computer system (Digital File) generated letter. Hence there is no need for a physical signature.